# BFM LPS

## അവണാകുഴി

# വിഷൻ

## 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | **BFM LPS**<br>**അവണാകുഴി** |
| ക്ലസ്റ്റർ റിസോഴ്സ് സെന്റർ | : | **CRC**<br>**കഴിവൂർ, മൂലക്കര** |
| ബ്ലോക്ക് റിസോഴ്സ് സെന്റർ | : | **BRC**<br>**ബാലരാമപുരം** |
| വിദ്യാഭ്യാസ ഉപജില്ല | : | **ബാലരാമപുരം** |
| വിദ്യാഭ്യാസ ജില്ല | : | **നെയ്യാറ്റിൻകര** |
| പഞ്ചായത്ത് | : | **കോട്ടുകാൽ** |
| വാർഡ് | : | **അവണാകുഴി** |

# ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘുചരിത്രം
- അധ്യാപകരുടെ എണ്ണം
- ഡിവിഷനുകളുടെ എണ്ണം
- കുട്ടികളുടെ എണ്ണം
- മേഖലകളുടെ ഇടപെടൽ
- സ്കൂളിന്റെ മികവ് / നേട്ടങ്ങൾ
- നേരിടുന്ന വെല്ലുവിളികൾ
- കാഴ്ചപ്പാടുകൾ
- ഉപസംഹാരം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

*ആമുഖം*

കേരള സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ നവകേരള മിഷൻ എന്ന പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നുവരുന്ന പഠിതാക്കളുടെ ആർജിതമായ അറിവ്, കഴിവ്, താല്പര്യം എന്നിവ വ്യത്യസ്തമാണ്. പഠിതാവിന്റെ താല്പര്യവും നിലവാരവും പരിഗണിച്ച് വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളിൽ പങ്കാളിയാകേണ്ടത് അത്യാവശ്യമാണ്. വിദ്യാലയത്തിലെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഫലപ്രദമായി കുട്ടിയിൽ സർവ്വതോന്മുഖമായ വികസനം സാധ്യമാക്കേണ്ടതുണ്ട്.

ഇങ്ങനെ കുട്ടിയ്ക്ക് ഉണ്ടാകേണ്ട വികാസങ്ങളെ ചിലത് ദീർഘകാലം കൊണ്ടും ചിലത് ഹ്രസ്വകാലംകൊണ്ടും കുട്ടിയിൽ ഉറപ്പിക്കാൻ ചിട്ടയായ ആസൂത്രണത്തിലൂടെ വിദ്യാലയത്തിന് സാധിക്കും. 2025-26 അധ്യയന വർഷം ഞങ്ങളുടെ വിദ്യാലയത്തിൽ നടക്കേണ്ട പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ ആസൂത്രണം

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പ് വരുത്തുക.
2. വിദ്യാലയത്തിലെ ഓരോ കുട്ടിയും ഓരോ ഘട്ടത്തിലും നേടേണ്ട പഠന നേട്ടങ്ങൾ രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കുക.
3. എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനുമുള്ള കഴിവുകൾ ഉറപ്പ് വരുത്തുക.
4. കുട്ടിയുടെ അക്കാദമികവും സർഗപരവും കായികവുമായ കഴിവുകൾ കണ്ടെത്തി പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുക.
5. വിദ്യാലയ മികവുകൾ പൊതുസമൂഹത്തെ അറിയിക്കുക
6. വിദ്യാലയത്തിലെ പ്രവർത്തനങ്ങളിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പ് വരുത്തുക.
7. സവിശേഷ കഴിവുള്ള കുട്ടികളെ കണ്ടെത്തി പഠനാവശ്യങ്ങൾ പ്രത്യേകം പരിഗണിക്കുക
8. Inclusive Education സാധ്യമാക്കുക
9. മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറയെ വാർത്തെടുക്കുക
10. സമയ ബന്ധിതമായി ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിനുള്ള സ്വയം വിലയിരുത്തൽ സാധ്യമാക്കുക.

# വിദ്യാലയ ചരിത്രം

1910 – ൽ ബ്രാഹ്മണ സമുദായത്തിൽപ്പെട്ട ശ്രീ വേദാന്താചാരി ക്രിസ്തുമതം സ്വീകരിക്കുകയും ഒരു മിഷനറിയായി മദ്രാസിൽ നിന്നും കേരളത്തിലേയ്ക്ക് വരികയും സാമൂഹ്യമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിലുള്ളവരെ ഒരുമിച്ച് ചേർത്ത് ക്രൈസ്തവ സഭകൾ സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹം സഭാഹാളുകളിൽതന്നെ കുട്ടികളെ അക്ഷരം പഠിപ്പിക്കുവാൻ തുടങ്ങി. അന്നത്തെ ദിവാനായിരുന്ന സർ. സി. പി. രാമസ്വാമിഅയ്യർക്ക് വേദാന്താചാരിയോട് ആദരവും സ്നേഹവും തോന്നുകയും എല്ലാ വിദ്യാലയങ്ങൾക്കും ഗവൺമെന്റ് അംഗീകാരം നൽകുകയും ചെയ്തു. നെയ്യാറ്റിൻകര താലൂക്കിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ 2 – ാം വാർഡായ അവണാകുഴിയിൽ സ്ഥിതി ചെയ്യുന്ന ബി. എഫ്. എൽ. പി. എസ്. എന്ന ഈ അക്ഷരമുത്തശ്ശി പഞ്ചായത്തിലെ തന്നെ ആദ്യത്തെ എയ്ഡഡ് വിദ്യാലയമാണ്.

നിലവിൽ പ്രീ– പ്രൈമറി മുതൽ നാലാം ക്ലാസു വരെയുള്ള ക്ലാസുകളിലായി 75 കുട്ടികൾ പഠിക്കുന്നു. ഹെഡ്മിസ്ട്രസ്സ് ഉൾപ്പെടെ 5 അധ്യാപകർ സേവനമനുഷ്ഠിക്കുന്നു.

ഈ വിദ്യാലയം നമ്മുടെ സമൂഹത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സേവന മേഖലകളിലേയ്ക്ക് നിരവധി പൗരന്മാരെ സംഭാവന നൽകിയിട്ടുണ്ട്. പുരോഗതിയുടെ പാതയിലേയ്ക്കുള്ള ഈ വിദ്യാലയം ഇടഭിത്തിയില്ലാത്ത ക്ലാസ്സ് മുറികൾ, ഐ.റ്റി. അനുബന്ധ സാമഗ്രികളുടെ അഭാവം, സ്വന്തമായൊരു സ്കൂൾ ബസ് തുടങ്ങിയ പരിമിതികൾ ഇനിയും അതിജീവിക്കേണ്ടതുണ്ട്.

## അധ്യാപകരുടെ എണ്ണം

| | |
|---|---|
| HM | **1** |
| LPSA | **3** |
| Arabic Tr. | **1** |
| Pre Primary Tr. | **1** |

## ഡിവിഷനുകൾ

| ക്ലാസ് | എണ്ണം |
|---|---|
| Pre-Primary | **1** |
| I | **1** |
| II | **1** |
| III | **1** |
| IV | **1** |

## കുട്ടികളുടെ എണ്ണം 2025–26

| | Pre Primary | | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| ജനറൽ | 7 | 5 | 6 | 4 | 9 | 8 | 5 | 9 | 8 | 14 |

## വിദ്യാലയത്തിലെ ഭൗതീകാന്തരീക്ഷം – നിലിവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ് മുറി | 6 | |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 3 | |
| കുടിവെള്ള സൗകര്യം | കിണർ | |
| പ്രധാന അധ്യാപികമുറി | 1 | |
| ചുറ്റുമതിൽ | ഉണ്ട് | |
| കളിസ്ഥലം | ഇല്ല | ആവശ്യമുണ്ട് |
| റാമ്പ് വിത്ത് ഹാന്റ് റെയിൽ | 1 | 1 |
| അടുക്കള | 1 | |
| ഭക്ഷണമുറി | ഇല്ല | നവീകരണം |

## വിദ്യാലയത്തിലെ ഐ. ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ / ഡസ്ക്ടോപ്പ് | 1 | |
| ലാപ്ടോപ്പ് | 2 | 3 |
| പ്രോജക്ടർ - എൻ. സി. ഡി. | 2 | 3 |
| ടി. വി. | ഇല്ല | 1 |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| സ്മാർട്ട് ക്ലാസ് റൂം | ഇല്ല | 4 |
| ഡി. വി. ഡി. പ്ലേയർ | ഇല്ല | 1 |

**വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ്, ബ്ലോഗ് എന്നിവ ആവശ്യമാണ്.**

**ഇന്ററാക്ടീവ് വൈറ്റ് ബോർഡും ആവശ്യമാണ്.**

**സ്മാർട്ട് ക്ലാസ് റൂമിനുവേണ്ടി**

**എം. എൽ. എ. യോട് അപേക്ഷിച്ചിട്ടുണ്ട്.**

# വിദ്യാലയത്തിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ – നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്. ആർ. ജി. | എല്ലാ വ്യാഴാഴ്ചകളിലും ഉച്ചയ്ക്ക് 1.00 മണിമുതൽ നടന്നു വരുന്നു. അക്കാദമികവും ഭൗതീകവുമായ കാര്യങ്ങൾ ചർച്ച് ചെയ്ത് വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നു. |
| പി.ടി.എ<br>എം.പി.ടി.എ | എല്ലാ മാസവും ഒരോന്നു വീതം നടന്നു വരുന്നു.<br>70% രക്ഷിതാക്കളുടെ പങ്കാളിത്തം ഉണ്ടാകാറുണ്ട്. |
| ക്ലാസ് പി.ടി.എ | ഓരോ ടേം മൂല്യനിർണ്ണയത്തിന് ശേഷം നടത്തുന്നു. കുട്ടികളുടെ നിലവാരം ചർച്ച ചെയ്യുന്നു. 70% രക്ഷിതാക്കളുടെ പങ്കാളിത്തം ഉണ്ടാകാറുണ്ട്. |
| ഒ. എസ്. എ. | സജീവമല്ല |
| <u>**ക്ലബ്ബ് പ്രവർത്തനങ്ങൾ**</u><br>സയൻസ്<br>ഗണിതം<br>ഇംഗ്ലീഷ് | സയൻസ് ക്ലബ്ബിൽ ലഘു പരീക്ഷണങ്ങൾക്കും<br>ഇംഗ്ലീഷിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിനും<br>ഗണിതത്തിൽ ഗണിതം രസകരമാക്കുന്നതിനുള്ള<br>പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി വരുന്നു. |
| ലൈബ്രറി | എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറി ഉണ്ട്. പുസ്തകങ്ങൾ വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു. അസംബ്ലിയിൽ കുട്ടികൾ അവതരിപ്പിക്കുന്നു. |
| ഗാന്ധി ദർശൻ | സോപ്പ്, സോപ്പുപൊടി, ലോഷൻ, മെഴുകുതിരി എന്നിവ ചുമതലയുള്ള അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ നിർമ്മിക്കുന്നു.<br>ഗാന്ധിജയന്തി വിപുലമായി ആഘോഷിക്കുന്നു. |

# മേഖലകളുടെ ഇടപെടൽ

- മലയാളം
- English
- ഗണിതം
- പരിസര പഠനം
- അറബിക്
- പ്രവൃത്തിപരിചയം
- ചിത്രകല
- അസംബ്ലി
- കൃഷി

# മലയാളം

## ആമുഖം

''വായിച്ച് വളരുക ചിന്തിച്ച് വിവേകം നേടുക''എന്ന മഹത്തായ പ്രവർത്തനത്തിലൂടെ വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക. 2025–26 അധ്യയന വർഷം അക്കാദമിക പ്രവർത്തനമായി ഭാഷാ പരമായി ഏറ്റെടുത്തിരിക്കുന്ന പ്രോജക്ട്.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- വായനാക്കൂട്ടം എഴുത്തുക്കൂട്ടം
- വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടൽ
- വായനാസാമഗ്രികൾ കണ്ടെത്തൽ വികസിപ്പിക്കൽ
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ

## പ്രവർത്തനങ്ങൾ

1. പ്രീ–ടെസ്റ്റ് നടത്തൽ (ജൂൺ 19)
2. അക്ഷരം ഉറപ്പിക്കൽ (3 മാസം)
3. അടയാളങ്ങൾ ഉറപ്പിക്കൽ (1 മാസം)
4. വായന (2 മാസം)
5. ലേഖനം (4 മാസം)

| ക്രമ നമ്പർ. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | പ്രീ– ടെസ്റ്റ് | ജൂൺ 19 | I-IV | പിന്നോക്കക്കാരെ കണ്ടെത്തുന്നു |
| 2 | അക്ഷരം ഉറപ്പിക്കൽ | ജൂൺ 21 മുതൽ ആഗസ്റ്റ് 17 വരെ | I-IV | പിന്നോക്കക്കാരെയും ഭിന്നശേഷിക്കാരെയും പരിഗണിക്കൽ |
| 3 | അടയാളം ഉറപ്പിക്കൽ | സെപ്റ്റംബർ 1 മുതൽ 28 വരെ | I, II | എല്ലാവർക്കും എഴുത്തും വായനയും |
| 4 | അക്ഷരം കാർഡ് നൽകൽ | ഒക്ടോബർ 1 മുതൽ 15 വരെ | I, II | |
| 5 | വാക്കുകൾ എഴുതിയ കാർഡുകൾ നൽകി വായന | ഒക്ടോബർ 15 മുതൽ 17 വരെ | I, IV | |
| 6 | വാക്കുകൾ നിർമ്മിക്കുക | ഒക്ടോബർ 30മുതൽ നവംബർ 8 വരെ | III | |
| 7 | വാക്യങ്ങൾ എഴുതിയ കാർഡുകൾ നൽകി വായന | നവംബർ 21 മുതൽ 30 വരെ | IV | വായനാ സാമഗ്രികൾ കണ്ടെത്തൽ വികസിപ്പിക്കൽ |
| 8 | വാക്യങ്ങൾ നിർമ്മിക്കൽ | ഡിസംബർ 3 മുതൽ 20 വരെ | IV | |
| 9 | കഥ പറച്ചിൽ | ജനുവരി 1 മുതൽ 5 വരെ | I | അവതരണം, ആസ്വാദനം |
| 10 | ചിത്രകഥ വായന | ജനുവരി 14 മുതൽ 16 വരെ | I, II | |
| 11 | കഥാ പുസ്തകങ്ങൾ നൽകി വായന | ജനുവരി 22 മുതൽ 25 വരെ | IV | |
| 12 | ചിത്രകഥ പറയൽ | ജനുവരി 31 | I | |
| 13 | കഥാപൂരണം | ഫെബ്രുവരി 6 മുതൽ 14 വരെ | III, IV | എഴുത്തിന്റെ വിവിധ രൂപങ്ങൾ പരിചയപ്പെടൽ |
| 14 | കവിതാപൂരണം | ഫെബ്രുവരി 21 മുതൽ 28 വരെ | I | |
| 15 | ക്ലാസ്തല വായനാ ക്കൂട്ടം രൂപീകരിക്കൽ | മാർച്ച് 1 | III, IV | |
| 16 | വായനാ മൂല ക്ലാസ് തലം | ജൂൺ 19 | III, IV | |
| 17 | ലൈബ്രറി നവീകരണം | ജൂലൈ 1 | I, IV | |
| 18 | പത്രവായന അസംബ്ലിയിൽ | ജൂൺ 1 മുതൽ | I, IV | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും കണ്ടെത്തൽ |
| 19 | സമീപത്തുള്ള ഗ്രന്ഥ ശാല സന്ദർശനം | ജൂൺ 23 | I, IV | |
| 20 | വായനാ മത്സരം | മാർച്ച് 15 | III, IV | |
| 21 | മികച്ച വായനക്കാ രനെ കണ്ടെത്തൽ | മാർച്ച് 15 | I, IV | |

# ENGLISH

## Introduction

A language teacher often has to think about two important questions

What is to teach ?
and how to teach?

A language is natural becasuse language is learnt by all children with normal and physical abilities., and it is learned very early in their livies even when many other abilities like eating on one's own or brushing one's hair has not fully developed. We need english in our classroom to develop language and communicative ability learning English is a still. It make them educated people. A child learn more effectivly from body language. Learning English is a life skill, use for their life, not just for their examinations. In English language there will be lot of unfamiliar phrases & notations. It depends on the age group. So it started in LP Level.

## Aims

Comprihends songs and sings rhythmically with actions.

Make the childrens able to describes pitcures / objects orally using appropriate colours, size and shape.

Identify and response to questions with 'What', 'Who', 'When' etc.

Speak about charactors in a story

Increases the language proficiency to communicating English.

Writes similar lines based as a theme

Responds meaningfully to indications in a Dialoge / conversation
Describes an action using appropriate verbs.

Plans and performs choreography of songs

Write simple descriptions and conversations

| Sl. No. | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| 1 | **Games**<br>**Aims:** Increasing the language proficiency to communicating English | Word Game<br>Gucess Game<br>Make game<br>Passing the ball | 5 days | | English Club |
| 2 | **Sing and Songs**<br>**Aims:** Write similar lines based us the theme | Enacting the songs<br>Adding lines to the songs | 1 year | ICT | |
| 3 | **Jigsaw**<br>**Aims:** Make the childrens able to describes pitcures / objects orally using appropriate colours, size and shape.<br>Describing a pitchure | Exhibit the solved Jigsaw pitcures and describe it | 1 year | | |
| 4 | **Role play**<br>**Aims:** Responds meaningfully to initications in a Dialoge / conversation<br>Speak about charactors in a story | Role play | 1 year | ICT | |
| 5 | **English Corner**<br>**Aims:** To improve their reading habits | Class Library<br>Collecting English books<br>Arranging reading corner | 1 month | | English Club |
| 6 | **News Paper**<br>**Aims:** To improve their reading habits | Daily newspaper reading in assembly | Daily | | P.T.A |
| 7 | **English Assembly**<br>**Aims:** Increase the language proficiency to communicating English | Prayer, Pledge, famous Quotes etc<br>all things must be in English | Ones in a week | | Each Class |
| 8 | **English Diary**<br>**Aims:**<br>To improve their writting skill | Brief account of activities in school and house | Ones in a week | | English Club |
| 9 | **Choreography**<br>**Aims:** Comprehends songs and sings rhythmycally with actions | Choreography of song | 1 Year | | |
| 10 | **English Carnivel**<br>**Aims:** | Everithing must be in English<br>All programme conduct by students | | | Society |

# ഗണിതം

**ആമുഖം :-**

പുരാതന കാലം മുതലേ ഗണിതത്തെ ശാസ്ത്രങ്ങളുടെ റാണിയായി കരുതപ്പെടുന്നു. ഇതിൽനിന്നുതന്നെ ഗണിതത്തിന്റെ പ്രാധാന്യം നമുക്ക് ഊഹിക്കാവുന്നതാണ്. എല്ലാ ശാസ്ത്രങ്ങളും ഗണിതവുമായി ബന്ധപ്പെട്ടിരിക്കുന്നു. നിത്യജീവിതത്തിൽ ഗണിതം ഒഴിച്ചുകൂടാനാവാത്തതായി മാറിയിട്ടുണ്ട്. എന്തിനതികം കമ്പ്യൂട്ടർ ഭാഷയുടെ അടിസ്ഥാന ശില പോലും 1, 0 എന്നീ സംഖ്യകളിൽ പടുത്തുയർത്തിയിരിക്കുന്നു. ഒരു മൊബൈൽ നമ്പർ എങ്കിലും മനസ്സിൽ കൊണ്ട് നടക്കാത്തവരായി ഇന്നാരുമില്ല. കുടുംബാംഗങ്ങളുടെയും കൂട്ടുകാരുടെയും ബന്ധുക്കളും പരിചയക്കാരും അത്യാവശ്യ സമീപിക്കേണ്ട ആളുകൾ ഉൾപ്പെടെ ഒരു വലിയ ജനസഞ്ചയം നമ്പരുകളായി നമ്മുടെ വിരൽ തുമ്പുകളിലുണ്ട്.

സ്കൂളിലെ എല്ലാ കുട്ടികളെയും മികച്ച സംഖ്യാബോധമുള്ളവരാക്കുക. ഗണിതക്രിയകൾ പഠിക്കുന്നതിലൂടെ സാധനങ്ങളുടെയും പണത്തിന്റെയും കൈമാറ്റം എത്ര എളുപ്പമാണെന്ന് കുട്ടികളിൽ തിരിച്ചറിവുണ്ടാക്കുക എന്നതാണ് 2025-26 അധ്യയന വർഷം ഏറ്റെടുക്കുന്ന പ്രോജക്റ്റ്

## ലക്ഷ്യങ്ങൾ

എല്ലാ വർക്കും സംഖ്യാബോധം
ഗണിതത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ
സംഖ്യാസാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കൽ
നിത്യജീവിതത്തിൽ സംഖ്യാബോധം പണത്തിന്റെയും സാധനങ്ങളുടെയും കൈമാറ്റത്തിൽ എത്രത്തോളം ഉപകാരപ്രദമാകുന്നുവെന്ന തിരിച്ചറിവുണ്ടാക്കൽ
ഗണിക്രിയകൾ എപ്രകാരം വേഗത്തിലും എളുപ്പത്തിലും ചെയ്യാമെന്ന് കുട്ടികളെ പരിചയപ്പെടുത്തൽ
ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കളികളിലൂടെ പഠനത്തിൽ ആകർഷിക്കൽ
ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തൽ

## പ്രവർത്തനങ്ങൾ

പ്രീ-ടെസ്റ്റ് നടത്തൽ
എണ്ണൽ സംഖ്യ ഉറപ്പിക്കൽ
ആരോഹണക്രമം, അവരോഹണക്രമം, ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ എന്നിങ്ങനെ സംഖ്യകൾ വിവിധതരത്തിൽ പരിചയപ്പെടുത്തുക
ഗണിതക്രിയകൾ
ഗുണപട്ടിക മനപാഠമാക്കുവാൻ പ്രാപ്തരാക്കുക
ജ്യാമിതീയ രൂപങ്ങളുടെ സവിശേഷതകൾ പരിചയപ്പെടുത്തുക

| ക്രമ നമ്പർ. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | എണ്ണൽസംഖ്യ ഉറപ്പിക്കൽ | ജൂൺ | I-IV | സംഖ്യാബോധം |
| 2 | ഗണിതമൂല ഒരുക്കൽ | ജൂൺ | I-IV | |
| 3 | ആരോഹണ അവരോഹ ക്രമം കണ്ടെത്തൽ | ജൂലൈ | I-IV | |
| 4 | ഒറ്റ സംഖ്യകൾ കണ്ടെത്തുക | ആഗസ്റ്റ് | III-IV | |
| 5 | ഇരട്ട സംഖ്യകൾ കണ്ടെത്തുക | സെപ്റ്റംബർ | I, II | സംഖ്യകളുടെ വിവിധതലങ്ങൾ പരിചയപ്പെടുത്തൽ |
| 6 | സങ്കലനം | ഒക്ടോബർ നവംബർ | I, IV | |
| 7 | വ്യവകലനം | ഡിസംബർ ജനുവരി | III | |
| 8 | സങ്കലനം | ഫെബ്രുവരി മാർച്ച് | IV | |
| 9 | വ്യവകലനം | ജൂൺ | IV | ഗണിതക്രിയകൾ പരിചയപ്പെടുത്തുക, ഗണിതക്രിയകൾ ചെയ്യാൻ കുട്ടിയെ പ്രാപ്തരാക്കുക |
| 10 | ഗുണനം | ജൂലൈ | I | |
| 11 | ഗുണന വസ്തുകളുടെ രൂപീകരണം ഗുണനപട്ടിക മനപാഠമാക്കൽ | ആഗസ്റ്റ് | I, II | |
| 12 | ഗുണനം രണ്ടക്കസംഖ്യകൾ | സെപ്റ്റംബർ ഒക്ടോബർ | IV | |
| 13 | ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുക | നവംബർ ഡിസംബർ | I-IV | ജ്യാമിതീയ രൂപങ്ങൾ വരയ്ക്കാൻ പ്രാപ്തരാക്കുക |
| 14 | വിലയിരുത്തൽ | ജനുവരി | I-IV | |

# ശാസ്ത്രം

ആമുഖം :–

ചലനാത്മകവും വികസ്വരവുമായ വിജ്ഞാനമാണ് ശാസ്ത്രം. ഭാവിയിലേയ്ക്ക് നോക്കുന്ന പുരോഗമനപരമായ സമൂഹത്തിൽ ദാരിദ്ര്യത്തിന്റെയും അജ്ഞതയുടെയും അന്ധ വിശ്വാസത്തിന്റെയും വലയത്തിൽ നിന്ന് പുറത്ത് കടക്കാൻ ശാസ്ത്രം ജനങ്ങളെ സഹായിക്കുന്നു. ശാസ്ത്രീയ വിജ്ഞാനം ഉല്പാദിപ്പിക്കുകയും സാധൂകരിക്കുകയും ചെയ്യുന്നതിലേയ്ക്ക് കുട്ടിയെ നയിക്കുന്ന രീതിയിലാവണം പഠനപ്രക്രീയ നടക്കേണ്ടത്. ഈ പ്രക്രീയയിലൂടെ കുട്ടികളുടെ ശാസ്ത്രീയമായ ജിജ്ഞാസയും സർഗാത്മകതയും പരിപോഷിപ്പിക്കുകയും വേണം. പ്രക്രീയാധിഷ്ഠിതപഠനം കുട്ടിയെ ശാസ്ത്രം പഠിപ്പിക്കുകയാണ് ചെയ്യുന്നത്.

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും നിരീഷണപാഠവം വളർത്തുക ഗവേഷണതാല്പര്യം ഉണ്ടാക്കുക. ശാസ്ത്രബോധം വളർത്തുക എന്നീ ലക്ഷ്യം മുൻനിർത്തിയുള്ള പഠനബോധനതന്ത്രങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. മുഴുവൻ കുട്ടികളും എല്ലാ പഠന നേട്ടങ്ങളും കൈവരിക്കുന്നതിനനുയോജ്യമായ രീതിയിൽ പ്രവർത്തനാധിഷ്ഠിതവും പ്രക്രീയാധിഷ്ഠിതവുമായ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം നടത്തി. ലോവർ പ്രൈമറിതല പാഠ്യപദ്ധതിയിൽ ശാസ്ത്രത്തെ സമൂഹവുമായി മാറ്റി നിർത്താതെ പരിസരപഠനമായിട്ടാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. ശാസ്ത്രപഠനത്തിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള ശ്രമമാണ് ഈ ഘട്ടത്തിൽ ആസൂത്രണം നടത്തുന്നത്.

## ലക്ഷ്യങ്ങൾ

കുട്ടികളിൽ ശാസ്ത്രപഠനം രസകരമാക്കുക
ശാസ്ത്രബോധമുള്ള പുതിയ തലമുറയെ സൃഷ്ടിക്കുക
കുട്ടികളുടെ നിരീക്ഷണപാടവം വളർത്തുക
മത്സരപരീക്ഷകൾ, ക്വിസ് എന്നിവയിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക
സ്വന്തം കഴിവുകളെ പരമാവധിയിലേക്ക് എത്തിക്കുക
സമൂഹത്തിന്റെ പുരോഗതിയ്ക്ക് വേണ്ടി പ്രവർത്തിക്കുക
സഹകരണാധിഷ്ഠിതപഠനം സാധ്യമാക്കുക
എഴുത്തുപരീക്ഷയിൽ മാർക്ക് നേടുക എന്നതിലുപരി ബൗദ്ധികവും വൈകാരികവും സാമൂഹ്യവുമായ വികാസത്തിന് ഊന്നൽ നൽകുക.

## പ്രവർത്തനങ്ങൾ

നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ
ഫീൽഡ്ട്രിപ്പ്
ശേഖരണം
ബോധവൽക്കരണക്ലാസുകൾ
പ്രോജക്ട്
സെമിനാർ
ശാസ്ത്ര പ്രാധാന്യമുള്ള ദിനാഘോഷങ്ങൾ ആചരിക്കൽ
ശാസ്ത്രജ്ഞൻമാരെ അറിയാം

| ക്രമ നമ്പർ. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | ശാസ്ത്ര പരീക്ഷണങ്ങൾ | രണ്ടാഴ്ചക്കൊരിക്കൽ | I-IV | പരീക്ഷണം<br>നിരീക്ഷണം<br>നിഗമനം രൂപീകരിക്കൽ<br>സഹകരണപഠനം |
| 2 | ഫീൽഡ്ട്രിപ്പ് (തൊഴിൽശാല, തോട്ടങ്ങൾ, കുളം, തോട്) | രണ്ട് മാസത്തിലൊരിക്കൽ | I-IV | നിരീക്ഷണക്കുറിപ്പ് |
| 3 | ശേഖരണം (ഇല, വിത്ത്, സ്റ്റാമ്പ്, ചിത്രങ്ങൾ) | മാസത്തിലൊന്ന് | I-IV | ശാസ്ത്രാഭിരുചി വളർത്തൽ |
| 4 | നിരീക്ഷണം (പക്ഷിനിരീക്ഷണം, ഔഷധസസ്യങ്ങൾ) | ഒരു വർഷം | I-IV | ശാസ്ത്രബോധം ഉളവാക്കുക |
| 5 | പഠനക്ലാസുകൾ (കാർഷികം, ആരോഗ്യം, ശുചിത്വം) | രണ്ടു മാസത്തിലൊന്ന് | I-IV | ബോധവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക |

# അറബിക്

ആമുഖം :-

വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ നിർദ്ദേശം അനുസരിച്ച് കുട്ടികളെ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ടുള്ള പഠന പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടികൾക്ക് പഠനസാഹചര്യങ്ങൾ ഒരുക്കുന്നതിനും കൂടുതൽ കഴിവുള്ളവരാക്കിത്തീർക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നു. അറബി ഭാഷയിൽ കുട്ടികൾക്ക് കൂടുതൽ പഠന സാഹചര്യങ്ങൾ ഒരുക്കുവാനും കൂടുതൽ പുരോഗതികൾ ഉണ്ടാക്കുവാനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നു.

## ലക്ഷ്യങ്ങൾ

★ *കുട്ടികളെ അക്ഷരങ്ങളും അടയാളങ്ങളും ശരിക്ക് മനസ്സിലാക്കി എളുപ്പത്തിൽ വായനാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ സഹായിക്കുന്നു.*

★ *കുട്ടികൾക്ക് അറബി ഭാഷ കൈകാര്യം ചെയ്യാൻ സഹായിക്കുന്നു.*

★ *കുട്ടികളിലെ സർഗ്ഗാത്മക കഴിവുകൾ വളർത്തുവാൻ സഹായിക്കുന്നു.*

## പ്രവർത്തനങ്ങൾ

◊ *വായനാലോകം*

◊ *ആസ്വാദനലോകം*

◊ *അറബിക് അസംബ്ലി*

◊ *പദപരിചയം*

| ക്രമ നമ്പർ. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | അറബിക് മധുരം<br>എഴുത്ത്, വായന<br>പ്രീ– ടെസ്റ്റ്<br>അക്ഷരപ്പാട്ട്<br>അക്ഷരകാർഡ്<br>കളി | 5 മാസം | I-IV | പിന്നോക്കം നിൽക്കുന്ന<br>വിദ്യാർത്ഥികളെ കണ്ടെത്തുക<br>കുട്ടികൾക്ക് അക്ഷരങ്ങൾ<br>തിരിച്ചറിയുക |
| 2 | വായനാലോകം<br>അറബിക് ലൈബ്രറി<br>ഒരുക്കൽ<br>അറബിക് ചിത്രകഥ<br>കൾ<br>അറബിക് ക്വിസ്<br>വായനാ പ്രവർത്തന<br>ങ്ങൾ | ഒരു വർഷം | I-IV | കുട്ടിയെ വായനാ<br>ലോകത്ത് കൊണ്ടുവരൽ<br>കുട്ടിയെ<br>നല്ല വായനാക്കാരനാക്കുക |
| 3 | ആസ്വാദനലോകം<br>അറബിക് ഗാനങ്ങൾ<br>കേൾക്കാനും<br>പാടാനും ആസ്വദിക്കു<br>വാനും അവസരം<br>നൽകുക<br>ബാലസഭയിൽ<br>കുട്ടികൾക്ക്<br>അവസരം നൽകുക | ഒരു വർഷം | I-IV | കുട്ടികളെ നല്ല ആസ്വാദകരാക്കാ<br>ക്കുക |
| 4 | പദപരിചയം<br>എല്ലാ ദിവസവും<br>ഒരു അറബിക് പദം<br>അസംബ്ലിയിൽ പരി<br>ചയപ്പെടുത്തുന്നു. | ഒരു വർഷം | I-IV | അറബിക് പദസമ്പത്ത്<br>വർദ്ധിപ്പിക്കൽ |
| 5 | അറബി<br>അസംബ്ലി<br>ആഴ്ചയിൽ ഒരി<br>ക്കൽ അറബിക്<br>അസംബ്ലി നടത്തു<br>ന്നു. | ഒരു വർഷം | I-IV | |

# അസംബ്ലി

മനുഷ്യൻ എന്ന നിലയിൽ ഒരു വിദ്യാർത്ഥിക്കുള്ള ജനാധിപത്യ അവകാശങ്ങളും അന്തസ്സും പരിഗണിക്കപ്പെടേണ്ടതുണ്ട്. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളിലും എല്ലാ കുട്ടികളുടെയും സജീവമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം. കേവലമായ അക്കാദമിക നേട്ടങ്ങൾക്ക് ഉപരിയായി ഓരോ കുട്ടിയുടെയും ശേഷിയും പ്രതിഭയും തിരിച്ചറിഞ്ഞ് വിദ്യാർത്ഥികളുടെ എല്ലാവിധ കഴിവുകളും തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടത് ഓരോ അദ്ധ്യാപകന്റേയും കടമയാണ്. ഇതിന് അസംബ്ലിയിലെ പ്രവർത്തനങ്ങൾ ഏറെ സഹായകമാകും.

## ലക്ഷ്യം

- എല്ലാ കുട്ടികളുടേയും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുക
- സഭാകമ്പമില്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക
- കുട്ടികളുടെ കഴിവുകൾ അംഗീകരിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും അവസരം സൃഷ്ടിക്കുക.
- കുട്ടികളിൽ സാമൂഹികബോധം വളർത്തുക
- കുട്ടികളുടെ അക്കാദമിക നിലവാരം വളർത്തുന്ന വേദിയായി സ്കൂൾ അസംബ്ലിയെ പുനസംഘടിപ്പിക്കുക

## പ്രവർത്തനങ്ങൾ

- തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ ദിവസങ്ങളിലും ചുമതലയുള്ള അധ്യാപകന്റെ നേതൃത്വത്തിൽ അസംബ്ലി.
- പ്രാർത്ഥന, വാർത്താവതരണം, ഇന്നത്തെ ചോദ്യം, ദിനപ്രാധാന്യം, ഇന്നത്തെ ചിന്താവിഷയം തുടങ്ങിയവ
- പുസ്തകപരിചയം
- ക്ലാസ്സിലെ വേറിട്ട പ്രവർത്തനങ്ങളുടെ പങ്കുവയ്ക്കൽ
- പഠനോൽപ്പന്നങ്ങളുടെ പ്രകാശനം
- വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യം
- ദിനാചരണങ്ങളുടെ സ്പെഷ്യൽ അസംബ്ലി
- ലഘുവ്യായാമം
- ഡയറിക്കുറിപ്പ്
- പൊതുകാര്യങ്ങൾ സംസാരിക്കൽ

# പ്രവൃത്തി പരിചയം

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നതിന് പ്രവൃത്തി പരിചയ വിദ്യാഭ്യാസം അനിവാര്യമാണ്. പ്രവൃത്തി പഠന ക്ലാസ്സിന്റെ അടിത്തറതന്നെ മാനവശേഷി വികാസമാണ്. ശാരീരികവും മാനസികവുമായ ശേഷികൾ അതിന്റെ പൂർണതയിലേക്കു വികസിപ്പിക്കുവാനും ഈ ക്ലാസ്സുകൾ സഹായിക്കുന്നു.

## ലക്ഷ്യങ്ങൾ

- മാനവശേഷി വികസനം
- സന്തുലിത വ്യക്തിത്വ വികസനം
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ

## പ്രവർത്തനങ്ങൾ

- കടലാസ് ഉൽപ്പന്നങ്ങൾ
- വർണ്ണക്കടലാസുൽപ്പന്നങ്ങൾ
- പാഴ് വസ്തുഉല്പ്പന്നങ്ങൾ പ്രദർശനം

| ക്രമ നമ്പർ. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | കടലാസ് കപ്പൽ | ജൂലൈ | I | എല്ലാ കുട്ടികളെയും പരിഗണിക്കൽ<br>ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br>മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ<br>മാനവശേഷി വികസനം<br>വ്യക്തിത്വവികസനം |
| 2 | കടലാസ് പൂവ് | ആഗസ്റ്റ് | II | |
| 3 | ആശംസാകാർഡ് നിർമ്മാണം | സെപ്റ്റംബർ | III | |
| 4 | വർണ്ണക്കടലാസ് | ഒക്ടോബർ | I-IV | |
| 5 | മുട്ടത്തോടിൽ നിർമ്മിക്കാവുന്ന വസ്തുക്കൾ | നവംബർ | I-IV | |
| 6 | ട്രിപ്പ് വയർ കൊണ്ട് പൂക്കൾ | ഡിസംബർ | IV | |
| 7 | ട്രിപ്പ് ബോട്ടിൽകൊണ്ട് ഫ്ളവർ വെയിസ് പൂക്കൾ | ജനുവരി | III-IV | |
| 8 | സി.ഡി. കൊണ്ടുള്ള ഉൽപ്പന്നങ്ങൾ | ഫെബ്രുവരി | III-IV | |
| 9 | പ്രദർശനം | ഫെബ്രുവരി അവസാനം | I-IV | |

# ചിത്രകല

**ആമുഖം**

വരകളുടെയും വർണങ്ങളുടെയും സമഞ്ജസമായ കൂടിച്ചേരലാണ് ചിത്രകലയിൽ ഉള്ളത്. മനുഷ്യൻ ഗുഹകളിൽ കഴിഞ്ഞിരുന്ന കാലം മുതൽ തന്നെ വളർന്നു വികസിച്ച ചരിത്രമാണ് ചിത്രകലയ്ക്കുള്ളത്. വരകളും വർണങ്ങളുമാണ് ചിത്രകലയുടെ അടിസ്ഥാന ഘടകങ്ങൾ നിറങ്ങൾ യഥേഷ്ടം സ്വയം പ്രയോഗിക്കാനും രൂപ സങ്കൽപം ഉണ്ടാക്കിയെടുക്കുവാനും അവസരം നൽകുന്നു. ചുറ്റിലുമുള്ളതിനെ നന്നായി നിരീക്ഷിക്കാനും യഥേഷ്ടം വരയ്ക്കാനും ചിത്രങ്ങൾ കണ്ടാസ്വദിക്കാനുമുള്ള അവസരങ്ങൾ ധാരാളമായി നൽകുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

## ലക്ഷ്യം

- ചിത്രരചനയിലൂടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിനും ചിത്രരചനകളിൽ ഏർപ്പെടുന്നതിനും
- വിവിധങ്ങളായ ചിത്രരചനാ രീതികൾ പരിചയപ്പെടുന്നതിനും ധാരണകൾ നേടുന്നതിനും
- ചിത്രങ്ങൾ നിരീക്ഷിക്കുന്നതിനും ആസ്വാദനം വളർത്തുന്നതിനും
- ചിത്രരചനയിലൂടെ വിജ്ഞാനത്തെ ഉല്ലാസ വേളകളാക്കുന്നതിനും ചിത്രരചനയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അറിവിന്റെ ആർജിക്കൽ ഉല്ലാസകരമാക്കുന്നതിനും

## പ്രവർത്തനങ്ങൾ

- പ്രകൃതിയുമായി ബന്ധപ്പെട്ട ചിത്രം വരയ്ക്കൽ
- പരിചിത രൂപങ്ങൾ വരയ്ക്കൽ
- ചിത്രങ്ങൾ വരച്ച് നിറം നൽകൽ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ചിത്രരചന

| ക്രമ നമ്പർ. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | കഥയിലൂടെ ചിത്രത്തിലേയ്ക്ക് | ജൂൺ 4 ദിവസം (എല്ലാ വെള്ളിയാഴ്ച) | I | ചിത്രരചനയിലെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കൽ |
| 2 | ചിത്രപ്രദർശനം | ജൂൺ 4 ദിവസം | I-IV | വിവിധ ചിത്രരചനാ രീതികൾ പരിചയപ്പെടൽ |
| 3 | ചുറ്റുപാടും നിരീക്ഷിച്ച് ചിത്ര രചന | ജൂൺ 4 ദിവസം | I-IV | ചിത്രങ്ങൾ നിരീക്ഷിക്കുന്നതിനും ആസ്വാദനം വളർത്തുന്നതിനും |
| 4 | നിറങ്ങൾ നൽകൽ | ജൂൺ 4 ദിവസം | I-II | |
| 5 | വരച്ച ചിത്രങ്ങൾ ക്ലാസിൽ പ്രദർശനം | ജൂൺ 4 ദിവസം | I-IV | |
| 6 | അപൂർണ്ണചിത്രങ്ങൾ നൽകി പൂർണമാക്കൽ | ജൂൺ 4 ദിവസം | IV | ചിത്രരചനയിലൂടെ വിജ്ഞാനത്തിലേയ്ക്ക് |
| 7 | ചിത്രങ്ങൾ നോക്കി ചിത്രം വരയ്ക്കൽ നിറം നൽകൽ | ജൂൺ 4 ദിവസം | I-IV | |
| 8 | ദിനാചരണവുമായി ബന്ധപ്പെട്ട ചിത്രം വരയ്ക്കൽ | ജൂൺ 4 ദിവസം | III-IV | ചിത്രരചനയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അറിവിന്റെ ആർജിക്കൽ ഉല്ലാസകരമാക്കുന്നതിനും |
| 9 | ചിത്രങ്ങൾ മികവുറ്റതാക്കൽ | ജൂൺ 4 ദിവസം | I-IV | |

# കൃഷി (2025-26 പ്രോജക്ട്)

**ആമുഖം**

ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. ഭൂരിപക്ഷം ജനതയുടെ ഉപജീവനമാർഗ്ഗം കൃഷിയാണ്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് കാർഷിക മേഖല. വ്യത്യസ്ത തരം കാലാവസ്ഥകൾ അനുഭവപ്പെടുന്ന വ്യത്യസ്ത തരം വിളകൾ കൃഷി ചെയ്യുന്ന പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ ഒരു രാജ്യമാണ് നമ്മുടേത്. എന്നാൽ കേരളം കൃഷിയിൽ നിന്നകന്ന് കാലാവസ്ഥ വ്യതിയാനത്തിന്റെ ദുരന്ത സൂചനകളിലൂടെ കടന്ന് പോകുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഉപഭോഗ സംസ്കാരത്തിന്റെ പിടിയിലമർന്ന് വിഷമയമായ അന്യസംസ്ഥാന പച്ചക്കറികളുടെ ഉപയോഗത്തിലൂടെ കാൻസർ പോലുള്ള മാരകരോഗങ്ങൾ വില കൊടുത്ത് വാങ്ങുകയാണ്. ഭാവി തലമുറയെ ഇത്തരമൊരു വിപത്തിൽ നിന്ന് സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. പുതിയൊരു കാർഷിക സംസ്കാരം വളർത്തിയെടുക്കേണ്ടത് വിദ്യാലയങ്ങളിലൂടെയാണ്.

കൃഷിയോട് ആഭിമുഖ്യം വളർത്തുക, കൃഷിയിലൂടെയാണ് ഭക്ഷണം ലഭിക്കുന്നതെന്ന തിരിച്ചറിവുണ്ടാക്കുക, ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുക എന്നീ ഉദ്യമങ്ങളാണ് 2025-26 അധ്യയന വർഷങ്ങളിൽ അനുബന്ധമായി ഏറ്റെടുക്കുന്ന പ്രോജക്ട്.

## ലക്ഷ്യം

- എല്ലാ കുട്ടികൾക്കും കൃഷിയെക്കുറിച്ച് അവബോധമുണ്ടാക്കുക
- കൃഷിയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുക
- കൃഷിക്ക് കാലാവസ്ഥയുമായുള്ള ബന്ധം പരിചയപ്പെടുത്തുക
- വിവിധതരം വിളകളുടെ കൃഷി പരിചയപ്പെടുത്തൽ
- കാർഷികോപകരണങ്ങൾ പരിചയപ്പെടുത്തൽ
- കൃഷി ഓഫീസറെക്കൊണ്ട് ക്ലാസ് എടുപ്പിച്ച് കൃഷിയുടെ വിവിധതലങ്ങളെക്കുറിച്ച് അറിവുണ്ടാക്കുക.
- ഔഷധസസ്യങ്ങളുടെ ഉപയോഗം തിരിച്ചറിയുക.
- വിഷരഹിത പച്ചക്കറികളുടെ പ്രാധാന്യം തിരിച്ചറിയുക.

## പ്രവർത്തനങ്ങൾ

- കൃഷിയെക്കുറിച്ച് കുട്ടികളുടെ മുന്നറിവ് പരിശോധിക്കൽ
- കൃഷിയുടെ വിവിധ ഘട്ടങ്ങൾ
- കർഷകനുമായി അഭിമുഖം സംഘടിപ്പിക്കൽ
- കാർഷികോപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കൽ
- അടുക്കളത്തോട്ടം, ഔഷധസസ്യത്തോട്ടം

| ക്രമ നമ്പർ. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1 | കുട്ടികൾക്ക് കൃഷി എന്താണെന്ന് അറിയാമോ? കൃഷി ചെയ്യുന്നത് എന്തിനാണ്? കൃഷി ചെയ്യുമ്പോൾ എന്താണ് ലഭിക്കുന്നത്? ഭക്ഷണത്തിന് വേണ്ട വസ്തുക്കൾ എവിടെ നിന്നാണ് വരുന്നത്? ഇത്തരം ചോദ്യങ്ങൾ ചോദിക്കുക | ജൂൺ 2 ദിവസം | I-IV | കൃഷിയെക്കുറിച്ചുള്ള കുട്ടിയുടെ അറിവ് പരിശോധിക്കൽ |
| 2 | മണ്ണൊരുക്കൽ | ജൂൺ | I-IV | കൃഷിയുടെ ആദ്യഘട്ടം പരിചയപ്പെടുത്തൽ |
| 3 | വിത്ത് വിതയ്ക്കുക | ജൂലൈ | I-IV | അനുബന്ധഘട്ടം പരിചയപ്പെടുത്തൽ |
| 4 | കർഷകനുമായി അഭിമുഖം | ജൂലൈ | I-IV | കർഷകന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിവ് ഉണ്ടാക്കൽ |
| 5 | കാർഷികഉപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കൽ | ആഗസ്റ്റ് | I-IV | കാർഷിക ഉപകരണങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കൽ |
| 6 | കൃഷി ഓഫീസറെ കൊണ്ട് ക്ലാസ് സംഘടിപ്പിക്കുക | ആഗസ്റ്റ് | I-IV | കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കൽ |
| 7 | പരിപാലനം വിളവെടുപ്പ് | ആഗസ്റ്റ് ഫെബ്രുവരി | I-IV | അനുബന്ധഘട്ടങ്ങൾ പരിചയപ്പെടൽ |
| 8 | വിളകൾ മാറ്റി പരീക്ഷിച്ചു കൊണ്ട് പഴയ പ്രവർത്തനങ്ങൾ തുടരുക | ജൂൺ ഫെബ്രുവരി | I-IV | കൃഷിയെക്കുറിച്ച് സമഗ്രമായ അറിവ് സമ്പാദിക്കുക |

# സ്കൂളിന്റെ നേട്ടങ്ങൾ

കോട്ടുകാൽ പഞ്ചായത്തിലെ BFM LPS അവണാകുഴി രാഷ്ട്രീയ, സാമൂഹിക, സർക്കാർ സേവന മേഖലയ്ക്ക് നിരവധി പൗരന്മാരെ സംഭാവന നൽകയിട്ടുണ്ട്.

ഉപജില്ലയിലെ കലാകായിക മേളകളിൽ പങ്കെടുത്ത് ഉന്നത വിജയം കരസ്ഥമാക്കി വരുന്നു. വർഷങ്ങളായി എൽ. എസ്. എസ്. പരീക്ഷയിലും വിജയം നേടുന്നു.

ഈ വിദ്യാലയത്തിൽ നിന്നും ഉന്നത ക്ലാസ്സുകളിൽ എത്തുന്ന കുട്ടികൾ ആ വിദ്യാലയത്തിലും മികവ് പുലർത്തുന്നു.

വർഷങ്ങളായി നേരിട്ടുകൊണ്ടിരുന്ന കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി ഒരു കിണർ അദ്ധ്യാപകരുടെ പരിശ്രമത്താൽ നിർമ്മിച്ചു.

സർക്കാർ ഫണ്ട് ഉപയോഗിച്ച് ആധുനിക രീതിയിലുള്ള മനോഹരമായ അടക്കളയും സ്റ്റോർ റൂമും നിർമ്മിച്ചു.

## കാഴ്ചപ്പാടുകൾ

വിദ്യാലയത്തിന്റെ പരിമിതികൾ അതിജീവിക്കാൻവേണ്ടി OSA, PTA, MLA, MP, Management തുടങ്ങിയവരുടെ ശക്തമായ പിന്തുണ ആവശ്യമാണ്.

## ഭൗതീക അന്തരീക്ഷം

പാരമ്പര്യത്തിന്റെ തനിമ നിലനിർത്തി ഒരു കോൺക്രീറ്റ് കെട്ടിടം അനിവാര്യമാണ്. സർക്കാർ ഏജൻസികളോ, മാനേജ്മെന്റോ കനിഞ്ഞാൽ മാത്രമേ ഈ വിദ്യാലയത്തിന് പുതിയൊരു കെട്ടിടം ലഭ്യമാക്കാൻ കഴിയൂ.

## ഫർണിച്ചർ

ആധുനിക രീതിയിലുള്ള ഇരിപ്പിടങ്ങൾ, ഡസ്ക്ക്, അലമാര തുടങ്ങിയവ ഓരോ ക്ലാസ് മുറികളിലും അത്യാവശ്യമാണ്. ഇതിന് എസ്. എസ്. എ. യോ, പഞ്ചായത്തോ ആവശ്യമായ പിന്തുണാ സഹായം നൽകണം.

## കളിസ്ഥലം

പതിനഞ്ചര സെന്റിൽ 2 കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന സ്കൂളിനെ പുതിയ ഒരു ഇരു നില കെട്ടിടമാക്കിമാറ്റിയാൽ കളിസ്ഥലം ലഭ്യമാകും.

## സ്കൂൾ വാഹനം

സ്കൂൾ അധ്യാപകർ ഏർപ്പെടുത്തിയ സ്വകാര്യ വാഹനത്തിലാണ് കുട്ടികളെ സ്കൂളിൽ എത്തിക്കുന്നത്. സ്വന്തമായൊരു സ്കൂൾ വാഹനം അത്യാവശ്യമാണ്. എം.എൽ.എ. യോ, പഞ്ചായത്തോ മുൻകൈയെടുത്താൽ മാത്രമേ ഇത് പരിഹരിക്കാൻ സാധിക്കൂ.

## സാമൂഹ്യപങ്കാളിത്തം

PTA, MPTA, OSA തുടങ്ങിയ സംഘടനകൾ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും തിരക്ക് പിടിച്ച ജീവിതത്തിനിടയിൽ 30% മാത്രമേ പങ്കാളിത്തം ഉണ്ടാകാറുള്ളു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് I

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരൊക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഉറക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് I

## മലയാളം

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്.

എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേത് ആയിട്ടു്.

അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങി ച്ചെല്ലുന്നു.

സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊ് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കികൊാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.

* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

* കുട്ടികളെ എഴുത്തിന്റെ ലോകത്തേയ്ക്ക് എത്തിക്കുന്നതിനായുള്ള ലഘു രചനശില്പശാലകൾ നടത്തുന്നു.

* തീയറ്റർ സാധ്യതകൾ വായനകേളികൾ എന്നിവ ഉപയോഗിച്ച് വായനയി ലേയ്ക്ക് കുട്ടികളും ആകൃഷ്ടരാക്കുന്നു.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുവരികൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാപുസ്തകം രൂപപ്പെടുത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മ വിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

* സർഗശേഷികൾ കൈവരിക്കുന്നു.

* പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

* കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാനൻ പ്രാപ്തി നേടുന്നു.

* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

**ജൂൺ**

**പ്രവർത്തനങ്ങൾ**

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക

* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്രകാർഡുകൾ, വായനാ കാർഡുകൾ, നിർമ്മാണ ശില്പശാല
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

ജൂലൈ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

